(ബി) പ്രസ്തുത പദ്ധതിക്ക് ആവശ്യമായ സ്ഥലം മുഴുവൻ ഏറ്റെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതു ഏറ്റെടുക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ആലപ്പുഴ ജില്ലയിൽ 600 ഏക്കർ സ്ഥലത്ത് രാഷ്ട്രപിതാവിന്റെ സ്മരണയ്ക്കായി ഒരു സ്മൃതിവനം നിർമ്മിക്കാനായി 410.95 ഏക്കർ സ്ഥലം സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ഏറ്റെടുത്ത ഭാഗം വെള്ളക്കെട്ടാണ്. അതുകൊണ്ട് കുറെ ഭാഗമെങ്കിലും മണ്ണിട്ടു നികത്തുകയോ കരഭൂമി കുറെയെങ്കിലും ഏറ്റെടുക്കുകയോ ചെയ്താലേ ജോലികൾ ആരംഭിക്കാൻ കഴിയൂ. 66.66 ഹെക്ടർ സ്ഥലം കൂടി ഇനിയും ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. മാത്രമല്ല ടി സ്ഥലത്തിന്റെ ഒറിജിനൽ അക്വിസിഷൻ നോട്ടിഫിക്കേഷൻ കാലഹരണപ്പെട്ടതിനാൽ സ്ഥലം അക്വയർ ചെയ്യുന്നതിന് പുതിയതായി റിക്വിസിഷൻ ഉത്തരവ് വേണ്ടിയിരിക്കുന്നു. പുതിയ സ്ഥലം ഏറ്റെടുക്കുന്നതിന് ആവശ്യമായ തുക ആലപ്പുഴ ജില്ലാകളക്ടറുടെ കൈവശം ലഭ്യമല്ല. എന്നാൽ അഗസ്ത്യവനം ബയോളജിക്കൽ പാർക്കിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് വനം വകുപ്പിന്റെ വകയായി 45 ലക്ഷം രൂപ 1992 മുതൽ തിരുവനന്തപുരം ജില്ലാ കളക്ടറുടെ കൈവശമുണ്ട്. ഈ തുക ആലപ്പുഴ ജില്ലാ കളക്ടർക്ക് കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ പരിഗണനയിലാണ്.

(സി) മേൽപ്പറഞ്ഞ കാര്യത്തിൽ അന്തിമ തീരുമാനമാകുന്ന മുറയ്ക്ക് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

കണ്ടൽ ചെടികളുടെ വ്യാപനത്തിനായുള്ള കേന്ദ്ര സഹായം

75 [2550] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ടൽചെടികളുടെ വ്യാപനത്തിനായി കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ;

(ബി) ഇതിനായി എന്തെങ്കിലും പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) കണ്ടൽചെടികളുടെ വ്യാപനത്തിനായി 2004-2005 വർഷത്തിൽ കേന്ദ്രസഹായം ഒന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി) കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, എറണാകുളം, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ കണ്ടൽകാടുകളുടെ സംരക്ഷണത്തിനും പുതിയ കണ്ടൽകാടുകൾ വച്ചുപിടിപ്പിക്കുന്നതിനുമായി ഒരു പഞ്ചവത്സര പദ്ധതിയും അഷ്ടമുടി, വേമ്പനാട് കായൽ പ്രദേശങ്ങളിലുള്ള കണ്ടൽകാടുകളുടെ സംരക്ഷണത്തിനായി ഒരു വർഷത്തേക്ക് കർമ്മപദ്ധതിയും കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ പദ്ധതി അടങ്കൽ 1178.15 ലക്ഷം രൂപയാണ്. ഇതുകൂടാതെ അടുത്തയവസരത്തിലുണ്ടായ സുനാമി പ്രകൃതിക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ കൂടുതൽ ബൃഹത്തായ, 55 കോടി രൂപയുടെ ഒരു കർമ്മപദ്ധതിയും കേന്ദ്രസർക്കാരിന് അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

കടലാക്രമണ നിരോധനമാർഗ്ഗം

76 [2551] ശ്രീ. എം. എം. ഹസ്സൻ :
,, കെ. മോഹൻകുമാർ :
,, എൻ. ഡി. അപ്പച്ചൻ :
,, ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്വാഭാവിക കടലാക്രമണ നിരോധനമാർഗ്ഗം എന്ന നിലയിൽ എന്തെല്ലാം സസ്യങ്ങൾ കേരളതീരത്ത് വിജയകരമായി വച്ചുപിടിപ്പിക്കുവാൻ കഴിയുമെന്ന് പറയുമോ?

ഉത്തരം

സ്വാഭാവിക കടലാക്രമണ നിരോധനത്തിന് ഏറ്റവും പറ്റിയത് കണ്ടൽ വർഗ്ഗത്തിലുള്ള ചെടികളാണ്. എന്നാൽ എല്ലാത്തരം മണ്ണിലും അത് വളർത്താൻ പറ്റില്ല. അതുകൊണ്ട് കണ്ടലിനെ കൂടാതെ പുന്ന, പൂവരശ്, കാറ്റാടി, അക്കേഷ്യ തുടങ്ങിയ വൃക്ഷയിനങ്ങളും വിജയകരമായി വച്ചുപിടിപ്പിക്കുവാൻ സാധിക്കും.

അർബൻ ഇക്കോപാർക്കുകൾ

77 [2552] ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനസംഖ്യ കൂടുതലുള്ള നഗരങ്ങളിൽ അർബൻ ഇക്കോ പാർക്കുകൾ സ്ഥാപിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വനം വകുപ്പിന്റെ അധീനതയിൽ തലസ്ഥാന നഗരിയിൽ ഒരു അർബൻ ഇക്കോപാർക്ക് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly